**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3567** **08-10-2025 - ൽ മറുപടിയ്ക്ക്**

**നെൽവയൽ തണ്ണീർതട സംരക്ഷണ നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നെൽവയൽ തണ്ണീർതട സംരക്ഷണ നിയമത്തിലെ 27 (എ) വകുപ്പ് എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവവ്യതിയാനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ് 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27(A) വകുപ്പ്. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ ഏതെങ്കിലും ഉടമസ്ഥൻ, അപ്രകാരമുള്ള ഭൂമി, വീട് വയ്ക്കുന്നതിനുള്ള ആവശ്യത്തിനോ വാണിജ്യ ആവശ്യങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോ വിനിയോഗിക്കുവാൻ ആഗ്രഹിക്കുന്നപക്ഷം, അയാൾ, റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, അനുമതിക്കായി അപേക്ഷ നൽകേണ്ടതാണെന്ന് പ്രസ്തുത വകുപ്പിന്റെ ഒന്നാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. തുടർന്നുള്ള 2 മുതൽ 13 വരെ ഉപവകുപ്പുകളിൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവവ്യതിയാനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | 1967 - ലെ ഭൂവിനിയോഗ ഉത്തരവ് പ്രകാരം ഭൂമി കൃഷി ആവശ്യത്തിനും വിളമാറ്റത്തിനുമായി പരിവർത്തനം ചെയ്യാൻ ആർക്കാണ് അധികാരം; | (ബി) | 1967 ലെ ഭൂവിനിയോഗ ഉത്തരവ് പ്രകാരം ഭൂമി കൃഷി ആവശ്യത്തിനും, വിളമാറ്റത്തിനുമായി പരിവർത്തനം ചെയ്യാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ജില്ലാകളക്ടർ, റവന്യൂ ഡിവിഷണൽ ഓഫീസർ എന്നിവർ ആണ്. |
| (സി) | 2017 - നു ശേഷം പരിവർത്തനപ്പെടുത്താൻ നൽകിയ അപേക്ഷകളിൽ ആർക്കാണ് തീരുമാനമെടുക്കുവാനുള്ള അധികാരം എന്ന് വ്യക്തമാക്കാമോ? | (സി) | 2017-നു ശേഷം പരിവർത്തനപ്പെടുത്താൻ നൽകിയ അപേക്ഷകളിൽ തീരുമാനമെടുക്കുവാനുള്ള അധികാരം റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും, സബ് കളക്ടർമാർക്കും, നിയോഗിക്കപ്പെട്ട ഡെപ്യൂട്ടി കളക്ടർമാർക്കുമാണ് നൽകിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ